# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 190** — **27.02.2017-ൽ മറുപടിക്ക്**

## കാസർഗോഡ് മജിസ്ട്രേറ്റ് വി.കെ. ഉണ്ണികൃഷ്ണന്റെ ദുരൂഹമരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാസർഗോഡ് ഒന്നാം ക്ലാസ് മജിസ്ട്രേറ്റായിരുന്ന വി.കെ. ഉണ്ണികൃഷ്ണൻ ആത്മഹത്യ ചെയ്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മജിസ്ട്രേറ്റിന്റെ ദുരൂഹമരണം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;<br>(സി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും അന്വേഷണ വിധേയമായി ആരെയെങ്കിലും ചോദ്യം ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) & (സി) ഇത് സംബന്ധിച്ച് വിദ്യാനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 503/16 u/s 174 Cr.PC പ്രകാരമായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികളെ കണ്ട് ചോദ്യം ചെയ്തിട്ടുള്ളതാണ്. കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ മരണപ്പെട്ടയാളിന്റെ ആത്മഹത്യയ്ക്ക് കാരണമായി മറ്റുള്ളവരുടെ യാതൊരുവിധ പ്രേരണയും ഉണ്ടായിട്ടില്ല എന്ന് വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ